# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 757 | 03.12.2014 -ൽ മറുപടിക്ക്

### രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി : | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നടപ്പാക്കിവന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതി നിശ്ചലമായത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ; | (എ) | ജില്ലകളിലെ സർക്കാർ ആശുപത്രികളിലും തിരുവനന്തപുരം ശ്രീ.ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലും പദ്ധതി നടന്നു വരുന്നു. പദ്ധതി പ്രകാരം 30 ആരോഗ്യപ്രശ്നങ്ങൾക്കാണ് സൗജന്യ ചികിത്സ നൽകി വരുന്നത്. ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നും പരിശോധനകളും ആർ.എസ്.ബി.വൈ. എംപാനൽഡ് സ്ഥാപനങ്ങൾ വഴിയാണ് നടത്തി വരുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായത്തിന് കാലതാമസം നേരിടുന്ന അവസരങ്ങളിൽ ആശുപത്രികളിലെ എച്ച്.എം.സി. ഫണ്ട് താൽക്കാലികമായി ഉപയോഗിക്കുകയും കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ തുക തിരിച്ചടയ്ക്കുകയും ചെയ്ത് പദ്ധതി നടന്നു വരുന്നു. |
| (ബി) | നവജാത ശിശുക്കൾ മുതൽ 18 വയസ്സു വരെയുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി നടന്നിരുന്നതാണ് പ്രസ്തുത പദ്ധതി എന്നത് വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) എന്ന നവജാത ശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നടന്നുവരുന്ന പദ്ധതി കേന്ദ്ര സർക്കാർ 2013-2014 ഒക്ടോബർ മാസത്തിലാണ് തുടക്കമിട്ടത്. ശേഷം പദ്ധതി രൂപീകരണം, വിവിധ മേഖലകളിലുള്ളവർക്ക് പരിശീലന പരിപാടികൾ, ഓറിയന്റേഷൻ മുതലായവ കേന്ദ്രസർക്കാർ രൂപീകരിക്കുന്ന മുറയ്ക്ക് നടന്നുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുകയാണ് ധനസഹായമായി ലഭിച്ചത് ; വിശദമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2013-14 സാമ്പത്തിക വർഷം 21.55 കോടി രൂപയും, 2014-15 സാമ്പത്തിക വർഷം 14.25 കോടി രൂപയും കേന്ദ്രസർക്കാർ അംഗീകരിച്ചു. |

(....2)

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മരുന്നുകളാണ് ആശുപത്രികളിൽ ഉണ്ടായിരുന്നത് ?

(ഡി) പ്രസ്തുത പദ്ധതി പ്രകാരം 18 വയസ്സുവരെയുള്ള കുട്ടികളുടെ സർവ്വ സാധാരണമായ അസുഖങ്ങളും ചികിത്സ ഭേദമാക്കാൻ കഴിയുന്നവയും സമയാധിഷ്ഠിതമായ ഇടപെടൽ മൂലം മെച്ചപ്പെടുത്താൻ കഴിയുന്നതുമായ അസുഖങ്ങളാണ് ആർ.ബി.എസ്.കെ. -യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം അസുഖങ്ങൾക്ക് വേണ്ടിയുള്ള മരുന്നുകൾ മിക്കവയും സർക്കാർ ആശുപത്രികൾ വഴി സൗജന്യമായി നൽകി വരുന്നവയാണ്. ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി, ആർ.എസ്.ബി.വൈ -എംപാനൽഡ് മെഡിക്കൽ ഷോപ്പുകൾ വഴി ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ